(ബി) ഏതെല്ലാം വികസനപദ്ധതികൾക്കുവേണ്ടിയാണ് കടപ്പത്രങ്ങൾ പുറപ്പെടുവിച്ചത് ; ഓരോ പദ്ധതികൾക്കുമായി കടപ്പത്രങ്ങൾ മുഖേന എത്ര തുക സ്വരൂപിച്ചിട്ടുണ്ട് ;

(സി) ഓരോ വികസനപദ്ധതികൾക്കുമായി ഇതിനോടകം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി 52 തവണ കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത്. ഓരോ പദ്ധതിക്കും പ്രത്യേകമായി കടപ്പത്രം പുറപ്പെടുവിക്കാറില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (28-2-2015 വരെ) ആകെ 45463 കോടി രൂപ (വകുപ്പുതല കണക്ക് പ്രകാരം) കടപ്പത്രം മുഖേന സ്വരൂപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭിച്ച മുഴുവൻ തുകയും Consolidated fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് ഇത്തരത്തിൽ എടുത്ത തുക ഏതൊക്കെ പദ്ധതികൾക്കായി എത്രത്തോളം വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് വേർതിരിക്കാനാവില്ല.

നികുതി ഇളവ് നൽകിയിട്ടുള്ള മേഖലകൾ

133 (479) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖലയിലാണ് നികുതി ഇളവ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇളവുകൾ നൽകിയിട്ടുള്ളത് ഏതെല്ലാം ബഡ്ജറ്റുകളിലാണെന്നും ഏതെല്ലാം ഉത്തരവുകൾ പ്രകാരമാണെന്നും പ്രത്യേകം വിശദമാക്കാമോ ;

(സി) ഈ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കേരള ധനനിയമം മുഖേന വിവിധ വാണിജ്യ നികുതി ഇനത്തിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം (എ) ആയി ചേർക്കുന്നു.*

(സി) കേരള ധനകാര്യ നിയമം 2011, 2012, 2013, 2014 എന്നിവയുടെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.

റവന്യൂ കമ്മി

134 (480) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനം റവന്യൂ കമ്മിയുണ്ടായിരുന്നു ; 2013-14-ന് അത് എത്രയായി വർധിക്കുകയുണ്ടായി ;

(ബി) ധന ഉത്തരവാദിത്വ നിയമം അനുസരിച്ച് റവന്യൂ കമ്മി ഓരോ വർഷവും എത്രയായി കുറച്ചുകൊണ്ടുവന്ന് ഏത് വർഷം പൂജ്യം ശതമാനമാക്കി മാറ്റുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ;

(സി) ഈ വർഷം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം റവന്യൂ കമ്മി എത്രയായിരുന്നു ; നടപ്പ് വർഷാവസാനം എത്രയായി ഉയരും ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (31-3-2011-ൽ) റവന്യൂ കമ്മി ആഭ്യന്തര വരുമാനത്തിന്റെ 15.53% ആയിരുന്നു. 2013-14 ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് റവന്യൂകമ്മി ആഭ്യന്തര വരുമാനത്തിന്റെ 5.20% ആയിട്ടാണ് കണക്കാക്കിയിരുന്നത്.

(ബി) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം റവന്യൂകമ്മി 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചുകൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.